# കോളേജ് വിദ്യാഭ്യാസ വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - സർക്കാർ സംഗീത കോളേജിൽ സപ്പോർട്ടിങ്ങ് ആർട്ടിസ്റ്റ് ഇൻ മൃദംഗം ഫോർ ഭരതനാട്യം തസ്തികയിൽ നിയമനം നല്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നം.ബി 3/16096/2018/കോ.വി.വ. തിരുവനന്തപുരം, തീയതി - 18/05/2018**

---

പരാമർശം:- 24/03/2018 - ലെ തിരുവനന്തപുരം പി.എസ്.സി ആഫീസിൽ നിന്നുള്ള RID (3) 10588/17/GW നമ്പരായുള്ള നിയമന ശുപാർശ.

## ഉത്തരവ്

മേൽ പരാമർശിച്ച കത്ത് പ്രകാരം കേരളാ പബ്ലിക് സർവ്വീസ് കമ്മീഷൻ അഡ്വൈസ് ചെയ്ത താഴെപ്പറയുന്ന ഉദ്യോഗാർത്ഥികളെ 15,380 - 25,906 രൂപ (Pre – revised) 29200 - 62400 (Revised) ശമ്പള സ്കെയിലിൽ സപ്പോർട്ടിങ്ങ് ആർട്ടിസ്റ്റ് ഇൻ മൃദംഗം ഫോർ ഭരതനാട്യം തസ്തികയിൽ അവരുടെ പേരിനെതിരെ ചേർത്ത ഒഴിവിൽ നിയമിച്ച് ഉത്തരവാകുന്നു. ഈ നിയമനം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾ (3) (സി) യ്ക്ക് വിധേയമായിരിക്കും. നിയമനം ലഭിച്ചയാൾ ജനന തീയതി, വിദ്യാഭ്യാസ യോഗ്യത, ജാതി (നിയമന ഉത്തരവിൽ ജാതി പ്രതിപാദിക്കുന്നുണ്ടെങ്കിൽ മാത്രം) എന്നിവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, അസിസ്റ്റന്റ് സർജന്റെ റാങ്കിൽ കുറയാത്ത മെഡിക്കൽ ഓഫീസർ നൽകുന്ന മെഡിക്കൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് (വിരലടയാളം, ഫോട്ടോ എന്നിവ സാക്ഷ്യപ്പെടുത്തിയത്) എന്നിവ സഹിതം 2018 ജൂൺ ഒന്നാം തീയതി മുതൽ ഒരാഴ്ചയ്ക്കകം **ജോലിയിൽ പ്രവേശിക്കേണ്ടതും** അപ്രകാരം പ്രവേശിക്കാത്ത പക്ഷം നിയമന ഉത്തരവ് റദ്ദു ചെയ്യുന്നതുമാണ്.

| ക്രമ നമ്പർ | പേരും വിലാസവും | വിദ്യാഭ്യാസ യോഗ്യത | ജനന തീയതി | ഏത് ഒഴിവിൽ എവിടെ നിയമിക്കുന്നു. |
|---|---|---|---|---|
| 1. | RAKEND.T<br>THANDAMANNIL HOUSE<br>KUNNAMANGALAM<br>KOZHIKODE<br>673571<br>(DA – BLIND) | BA (MRIDANGAM) | 03/09/1989 | RLV College of Music & Fine Arts, Tripunithura നിലവിലുള്ള ഒഴിവിൽ |
| 2. | AJAI.K.ARAVIND<br>KOTTUPPILLIYEL<br>MANNACKANADU<br>KOTTAYAM<br>MANNACKANADU<br>(OC) | BA (MRIDANGAM) | 21/05/1983 | RLV College of Music & Fine Arts, Tripunithura നിലവിലുള്ള ഒഴിവിൽ |



GOVERNMENT OF KERALA

ഈ നിയമനം കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് ചട്ടത്തിന്റെ 10 (ബി) പ്രകാരം ചട്ടം 9 ഉപചട്ടം (2) Clause (1) അനുസരിച്ച് നിയമനം തീർത്തും താല്ക്കാലികമായിരിക്കും. കൂടാതെ ഉദ്യോഗാർത്ഥികളുടെ നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് സർട്ടിഫിക്കറ്റിന്റെ വാസ്തവികതാ പരിശോധന റിപ്പോർട്ടിനും, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിശോധന റിപ്പോർട്ടിനും വിധേയമായിരിക്കും. വാസ്തവികതാ റിപ്പോർട്ടും കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിശോധന റിപ്പോർട്ടും പ്രതികൂലമാകുന്ന പക്ഷം നിയമനം റദ്ദാക്കുന്നതുമായിരിക്കും.

നിലവിൽ ജനനതീയതിയിൽ ഏതെങ്കിലും തരത്തിലുള്ള അപാകത നിലനിൽക്കുന്ന ഉദ്യോഗാർത്ഥികൾ സർവ്വീസിൽ പ്രവേശിച്ച് 5 വർഷത്തിനകം ആയത് തിരുത്തികിട്ടുന്നതിനുള്ള അപേക്ഷ ഉചിത മാർഗ്ഗേന സൂചന (3) ലെ ഉത്തരവ് പ്രകാരം സമർപ്പിക്കേണ്ടതാണ്.

ഈ ഉത്തരവ് പ്രകാരം സർവ്വീസിൽ പ്രവേശിക്കുന്നവർക്ക് 07-05-2013-ലെ സർക്കാർ ഉത്തരവ് ജി.ഒ(പി) നമ്പർ 20/2013/ഫിൻ പ്രകാരം നാഷണൽ പെൻഷൻ സ്കീം ബാധകമായിരിക്കും.

<u>ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിക്കുന്ന പ്രിൻസിപ്പൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.</u>

1. ഉദ്യോഗാർത്ഥികളെ ജോലിയിൽ പ്രവേശിപ്പിക്കുന്നതിന് മുമ്പായി വിദ്യാഭ്യാസ യോഗ്യത, ജനന തീയതി മുതലായവ തെളിയിക്കുന്നതിനുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിന്റെ ഒറിജിനൽ എന്നിവ പരിശോധിക്കേണ്ടതാണ്.
2. ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ച തീയതി ഈ ഓഫീസിൽ അറിയിക്കേണ്ടതാണ്.
3. ഇതോടൊപ്പം അടക്കം ചെയ്തിട്ടുള്ള വൺടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥികളുടെ ഫോട്ടോയും ഒപ്പും ശരിയാണോയെന്ന് ബോധ്യപ്പെട്ടതായി സാക്ഷ്യപ്പെടുത്തി ഈ സർട്ടിഫിക്കറ്റിന്റെ മറുപുറത്ത് ശരിയായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തിയും മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ പകർപ്പ് സാക്ഷ്യപ്പെടുത്തിയും അയച്ചുതരേണ്ടതാണ്.

4. ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിക്കുന്നതിനു മുൻപായി ഇതോടൊപ്പം അടക്കം ചെയ്തിട്ടുള്ള പോലീസ് വെരിഫിക്കേഷനായിട്ടുള്ള പ്രൊഫോർമയുടെ (അനുബന്ധം - 1) രണ്ട് എണ്ണവും, പി.എസ്.സി വെരിഫിക്കേഷനുള്ള പ്രൊഫോർമകളും പൂരിപ്പിച്ചു



290660
GOVERNMENT OF KERALA

16

വാങ്ങേണ്ടതും പി.എസ്.സി വെരിഫിക്കേഷനുള്ള പ്രൊഫോർമ മൂന്ന് പകർപ്പുകൾ അയച്ചുതരേണ്ടതാണ്. (ഒരു . പകർപ്പിൽ മാത്രം പ്രിൻസിപ്പൽ സാക്ഷ്യപ്പെടുത്തിയിരിക്കണം) പോലീസ് വെരിഫിക്കേഷനായുള്ള പ്രൊഫോർമ രണ്ട് പകർപ്പുകൾ ലഭ്യമാക്കണം (പ്രൊഫോർമ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.)

5. ഉദ്യോഗാർത്ഥി ഹാജരാക്കുന്ന ഒറിജിനൽ വൺ ടൈം വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിൽ ഉദ്യോഗാർത്ഥിയുടെ ഒപ്പും ഫോട്ടോയും ശരിയാണെന്ന് ബോധ്യപ്പെട്ടതായി രേഖപ്പെടുത്തി ഈ സർട്ടിഫിക്കറ്റിന്റെ മറുപുറത്ത് മതിയായ രേഖപ്പെടുത്തലുകൾ വരുത്തി സാക്ഷ്യപ്പെടുത്തി ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതാണ്.

6. അനുവദിച്ചിട്ടുള്ള സമയപരിധിക്കുള്ളിൽ ഉദ്യോഗാർത്ഥികൾ ജോലിയിൽ പ്രവേശിച്ചിട്ടില്ലെങ്കിൽ ആ വിവരം ഉടൻതന്നെ, അസ്സൽ തിരിച്ചറിയൽ സർട്ടിഫിക്കറ്റു സഹിതം ഈ ഓഫീസിൽ റിപ്പോർട്ടു ചെയ്യേണ്ടതാണ്.

7. ജോലിയിൽ പ്രവേശിക്കാൻ അനുവദിച്ചിരിക്കുന്ന സമയപരിധി കഴിഞ്ഞശേഷം യാതൊരു കാരണവശാലും ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.

8. ക്രമ നം. 1 ാ മത്തെ ഉദ്യോഗാർത്ഥിയെ ജോലിയിൽ പ്രവേശിപ്പിക്കുന്ന സമയത്ത് ടിയാളുടെ ഡിസബിലിറ്റി സർട്ടിഫിക്കറ്റ് പരിശോധിക്കേണ്ടതാണ്.

ഒപ്പ്/-
ഡോ.ഡി.കെ.സതീഷ്
കോളേജ് വിദ്യാഭ്യാസ ഡയറക്ടർ (ഇൻ ചാർജ്ജ്)

1) ബന്ധപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് (രജിസ്റ്റേർഡ് വിത്ത് അക്നോളഡ്ജ്മെന്റ്)
2) ബന്ധപ്പെട്ട പ്രിൻസിപ്പാളിന് (രജിസ്റ്റേർഡ് വിത്ത് അക്നോളഡ്ജ്മെന്റ്)
3) അക്കൗണ്ടന്റ് ജനറൽ കേരള, കോട്ടയം
4) കരുതൽ ഫയൽ/ ഓഫീസ് ഫയൽ

//അംഗീകാരത്തോടെ//

സൂപ്രണ്ട്

എസ്.ഒ.18/05/2019



GOVERNMENT OF KERALA